മത്സ്യഫെഡ് വിതരണം ചെയ്യുന്ന ഔട്ട്ബോർഡ് എഞ്ചിനുകൾ

27 (2902) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 നവംബർ 1-ാം തീയതി മത്സ്യഫെഡിൽ എത്ര ഔട്ട്ബോർഡ് എഞ്ചിനുകൾ സ്റ്റോക്ക് ഉണ്ടായിരുന്നു ;

(ബി) 1999 നവംബർ 1-ാം തീയതിക്കുശേഷം എത്ര ഔട്ട്ബോർഡ് മോട്ടോർ കൂടി വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട് ; ഇതിനായി എത്ര കോടി രൂപ വേണ്ടി വരും ;

(സി) എഞ്ചിനുകൾ സൂക്ഷിക്കുന്നതിന് "വെയർഹൗസ്" ചാർജ് ഇനത്തിൽ നാളിതുവരെ എത്ര തുക മത്സ്യഫെഡ് ചെലവഴിച്ചിട്ടുണ്ട് ;

(ഡി) മത്സ്യഫെഡ്ഡിന്റെ എഞ്ചിൻ വാങ്ങലിൽ അഴിമതിയും ക്രമക്കേടും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1817 എഞ്ചിനുകൾ 7,12,61,502 രൂപ.

(ബി) 1500 ഔട്ട്ബോർഡ് മോട്ടോറുകൾ വാങ്ങാനുള്ള ധാരണാപത്രം ഒപ്പിട്ടു. ഇവ ഇറക്കുമതി ചെയ്തു കഴിയുമ്പോൾ 6,74,36,850 രൂപ വേണ്ടി വരും.

(സി) 1989 മുതൽ 2000 ഫെബ്രുവരി വരെ 2,91,756 രൂപ ചെലവായിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കാൻ നടപടി

28 (2903) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ കടൽതീരവും ഉൾനാടൻ ജലാശയങ്ങളും മത്സ്യ ബന്ധനത്തെയും അതുവഴി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയേയും എത്രത്തോളം സ്വാധീനിക്കുന്നുണ്ട് എന്ന് വിലയിരുത്താമോ ;

(ബി) ഇത്രയും കടൽത്തീരമുണ്ടായിട്ടും കേരളീയരുടെ ദൈനംദിന ഭക്ഷണക്രമത്തിൽ ചുരുങ്ങിയ ചിലവിൽ ലഭിക്കുന്ന ഒരു ഭക്ഷണമായി മത്സ്യം ഇപ്പോഴും മാറിയിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മത്സ്യബന്ധനമേഖലയിലെ മുഴുവൻ സാധ്യതകളെയും പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മത്സ്യബന്ധന മേഖലയിലെ മുഴുവൻ സാധ്യതകളെയും പ്രയോജനപ്പെടുത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

1. മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ
2. അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പദ്ധതികൾ.
3. മത്സ്യ വിപണനത്തിനുള്ള പദ്ധതികൾ.
4. മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ
5. ക്ഷേമ പദ്ധതികൾ.
6. വിജ്ഞാന വ്യാപനത്തിനുള്ള പദ്ധതികൾ.

അപകട സഹായ കപ്പലായ 'കരുണ'യുടെ പ്രവർത്തനങ്ങൾ

29 (2904) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ അഴീക്കൽ പ്രദേശത്ത് അപകട ഘട്ടങ്ങളിൽ സഹായിക്കുവാനായി ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ച 'കരുണ' എന്ന കപ്പൽ ഇപ്പോൾ പ്രവർത്തനനിരതമാണോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കപ്പലിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഈ കപ്പലിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇത് എപ്പോഴും പ്രവർത്തനനിരതമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പ്രവർത്തനനിരതമാണ്.

(ബി) നിയമിച്ചിട്ടുണ്ട്. ഒരു എൻജിനീയർ തസ്തിക, യോഗ്യനായ ആളെ ലഭിക്കാത്തതിനാൽ ഒഴിഞ്ഞു കിടക്കുന്നു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly